കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-ബി.പി-209/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ ജില്ല

തീയതി. 10.03.2017

ഇ-മെയിൽ : ddhgfalpy@gmail.com

ഫോൺ : 0477 2252753

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെങ്ങന്നൂർ ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം : ചെങ്ങന്നൂർ ബ്ലോക്ക്പഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങന്നൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-2, 3-5, 3-6 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. എ.ഡി.സി ജനറൽ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-ബി.പി-209/17 തിയതി: 10.03.2017

# ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 21.11.2015 മുതൽ 31.3.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ആർ. അശോകൻ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 09.01.2017 മുതൽ<br>16.01.2017 വരെ | ശ്രീ. എസ്സ്. വിജയകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ. ചന്ദ്രശേഖരൻ. ജി, അസ്സി.ഓഡിറ്റ് ഓഫീസർ<br>ശ്രീ. സുനിൽകുമാർ. ജി, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി. ബിന്ദു കലാധരൻ | 01.04.2015 മുതൽ 31.10.2015 വരെ |
| 2 | ശ്രീമതി. എൻ.സുധാമണി | 01.11.2015 മുതൽ 31.03.2016 വരെ |

2 സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. വി. ജെ. ശ്രീകുമാർ | 01.04.2015 മുതൽ 30.09.2015 വരെ |
| 2 | ശ്രീ. ഹർഷൻ. എസ് (ഇൻ ചാർജ്ജ്) | 01.10.2015 മുതൽ 04.10.2015 വരെ |
| 3 | ശ്രീ. ശങ്കർ. എ. കെ | 05.10.2015 മുതൽ 31.12.2015 വരെ |
| 4 | ശ്രീ. ഹർഷൻ. എസ് (ഇൻ ചാർജ്ജ്) | 01.01.2016 മുതൽ 28.01.2016 വരെ |
| 5 | ശ്രീമതി. കെ. ആർ. സുജാത | 29.01.2016 മുതൽ 15.02.2016 വരെ |
| 6 | ശ്രീമതി. പ്രസന്നകുമാരി. പി. ജെ | 16.02.2016 മുതൽ 31.03.2016 വരെ |

3.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി അസ്സി.ഡയറക്ടർ | 1.സുജാ ജോർജ്ജ് | 01.04.2015 മുതൽ 17.02.2016 വരെ |
| | | 2.മേരി തോമസ് | 18.02.2016 മുതൽ 31.03.2016 വരെ |
| 2 | അസ്സി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | കെ.ജി.ശ്രീകല | 01.04.2015 മുതൽ 31.03.2016 വരെ |
| 3 | സി.ഡി.പി.ഒ | പി.കെ.ലളിതമ്മ | 01.04.2015 മുതൽ 31.03.2016 വരെ |
| 4 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ.ഷീജ.പി.എൻ | 01.04.2015 മുതൽ 31.03.2016 വരെ |
| 5 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ/ ഡയറി ഫാം ഇൻസ്ട്രക്ടർ | എം.ബി.സുഭാഷ് | 01.04.2015 മുതൽ 31.03.2016 വരെ |
| 6 | പട്ടികജാതി വികസന ഓഫീസർ | ഡി.സജിനിമോൾ | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം :

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (വാർഷിക ധനകാര്യ പത്രിക പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം |

| | | |
|---|---|---|
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ആഭ്യന്തരനിയന്ത്രണം |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം – 2 – ഇല്ല | | |
| ഭാഗം – 3 | | |
| 10 | 3-1 | RGPSA – വെർച്വൽ ക്ലാസ്സ് മുറി നിർമ്മാണം - ഗുരുതര ക്രമക്കേടുകൾ |
| 11 | 3-2 | യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും നിയമാനുസൃതം പിഴ/കോമ്പൻസേഷൻ ഈടാക്കിയില്ല |
| 12 | 3-3 | പാണ്ടനാട് CHC മെയിന്റനൻസ് - അധിക ചെലവ് |
| 13 | 3-4 | കാര്യമായ വാഹന ഗതാഗതം ഇല്ലാത്ത റോഡുകളുടെ കോൺക്രീറ്റിഗ് - കോൺക്രീറ്റിന് ആവശ്യത്തിലധികം കനം - അധിക ചെലവ് |
| 14 | 3-5 | പട്ടികജാതി യുവജനങ്ങൾക്കു മിലിട്ടറി റിക്രൂട്ട്മെന്റ് പരിശീലനം - മതിയായ ശാരീരിക യോഗ്യത ഇല്ലാത്തവർക്കു പരിശീലനം നൽകി , പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയില്ല |
| 15 | 3-6 | പട്ടികജാതി യുവജനങ്ങൾക്കു സെക്യൂരിറ്റി സർവ്വീസ് പരിശീലനം -തെരഞ്ഞെടുക്കപ്പെട്ടവർ പരിശീലനം പാതിവഴിയിൽ ഉപേക്ഷിച്ചു , പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയില്ല |
| 16 | 3-7 | സെക്രട്ടറിയുടെ പദ്ധതി നിർവ്വഹണം - വിനിയോഗ രേഖകൾ ഇല്ല |
| 17 | 3-8 | താൽക്കാലിക ജീവനക്കാർക്ക് ദിവസവേതനം അധികം നൽകിയതു സംബന്ധിച്ച അപാകതകൾ |
| 18 | 3-9 | വാഹനങ്ങളുടെ ഉപയോഗം - നിബന്ധനകൾ പാലിക്കുന്നില്ല |
| 19 | 3-10 | ക്ഷീര സംഗമം, കന്നുകാലി പ്രദർശനം - ചെലവുരേഖകൾ ഇല്ല |
| ഭാഗം – 4 | | |
| 20 | 4-1 | വാർഷിക കണക്ക് പരിശോധന |
| 21 | 4-2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 22 | 4-3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 23 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 24 | 4-5 | വായ്പ / വായ്പ തിരിച്ചടവ് |
| 25 | 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 26 | 4-7 | ഓഡിറ്റ് റിക്കവറി |

| | | |
|---|---|---|
| 27 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 28 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 29 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 20.3.2015 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 363227744 | 363177744 |
| വാർഷിക കണക്ക് പ്രകാരം | 77903102 | 71492703 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവു ചെലവും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടെന്ന് കാണാം. ഇതിൽ നിന്നും ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധ വേണമെന്ന് വ്യക്തമാകുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 30.7.2016 | 30.7.2016 | --- | ----- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം (വാർഷിക ധനകാര്യ പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 82113755 |
| വരവ് | 77903102 |
| ആകെ | 160016857 |
| ചെലവ് | 71492703 |
| നീക്കിയിരിപ്പ് | 88524154 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | TC ചെയ്തത് (+/_) | തൻവർഷ അലോട്ട്മെന്റ് | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ചത് | ആകെ (2)+(3)+(5) | ചെലവ് | തിരിച്ചടച്ചവ് | ബാക്കി |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| വികസന ഫണ്ട് (Gen) | 1018812 | 538909 | 21944000 | 19763878 | 21321599 | 21321599 | --- | 0 |
| വികസന ഫണ്ട് (SCP) | 3053521 | -538909 | 1516000 | 14641395 | 17156007 | 17156007 | -- | 0 |
| വികസന ഫണ്ട് (TSP) | -- | -- | 12000 | 12000 | 12000 | 12000 | -- | 0 |
| സംരക്ഷണ ഗ്രാന്റ് (NR) | 427239 | -- | 3199000 | 923762 | 1351001 | 1351001 | -- | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 67 | 87300368 | 53 | 39884057 | -- | 14 | 79 |

അംഗീകാരം ലഭിച്ച 67 പദ്ധതികളിൽ 53 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. ഉത്പാദന മേഖലയിൽ ആവിഷ്കരിച്ച എല്ലാ പദ്ധതികളും നടപ്പിലാക്കിയത് അഭിനന്ദനീയമാണ്. മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) വകയിരുത്തി തയ്യാറാക്കിയ പല പദ്ധതികളും നടപ്പിലാക്കിയില്ല. ഈ കാരണത്താൽ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിന്റെ ചെലവ് 37.25% മാത്രമായി ചുരുങ്ങി.

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 56.5% ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+/-) |
|---|---|---|---|
| 329414 | 143273 | (-)186141 | (-)56.5% |

## 1-8 ആഭ്യന്തരനിയന്ത്രണം

ഡിപ്പോസിറ്റ് രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല. ഫർണ്ണീച്ചർ, സ്റ്റേഷനറി എന്നിവയുടെ വിവരങ്ങളടങ്ങിയ സ്റ്റോക്ക് രജിസ്റ്ററിൽ വർഷാന്ത്യ നീക്കിയിരിപ്പ് പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ലഭ്യമാക്കിയില്ല | 2015-16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.01.14 മുതൽ 20.1.14 വരെ | 2010-11 മുതൽ 2012-13 വരെ | 20.02.2014 |

# ഭാഗം 2

## വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

--ഇല്ല--

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 RGPSA – വെർച്വൽ ക്ലാസ്സ് മുറി നിർമ്മാണം - ഗുരുതര ക്രമക്കേടുകൾ

RPGSA പദ്ധതി പ്രകാരം 974964/- രൂപാ ചെലവഴിച്ച് ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ ഒരു വെർച്വൽ ക്ലാസ്സ് മുറി നിർമ്മിക്കുകയുണ്ടായി. SIDCO യുടെ പരുമലയിലുള്ള STRAW BOARD FACTORYയാണ് പദ്ധതി നിർവ്വഹണം നടത്തിയത്. സ്ഥാപനത്തിന്റെ ഇൻവോയ്സുകൾ പ്രകാരം ആണ് തുക ചെലവഴിച്ചത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിലും ഭൗതിക പരിശോധനയിലും പദ്ധതി നടത്തിപ്പിൽ ഗുരുതര ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കാണുന്നു. വിശദാംശം ചുവടെ.

*മരാമത്തു ചട്ടങ്ങൾ പാലിക്കാതെ പ്രവൃത്തി നടത്തി*

10 ലക്ഷം രൂപാ വകയിരുത്തിയിരുന്നു. ഈ തുകയ്ക്കനുസരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒരു എസ്റ്റിമേറ്റു തയ്യാറാക്കിയതായി കാണുന്നു. ഇലക്ട്രിക്കൽ ഇനങ്ങളും മറ്റും ഉൾപ്പെട്ടിരുന്ന ഈ എസ്റ്റിമേറ്റിന് ക്ഷമതയുള്ള അധികാരിയിൽ നിന്നും സാങ്കേതികാനുമതി വാങ്ങിയിട്ടില്ല.

അതുപോലെ, തയ്യാറാക്കപ്പെട്ട എസ്റ്റിമേറ്റനുസരിച്ച് പ്രവൃത്തി നടത്തുന്നതിനായി ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല. STRAW BOARD FACTORYയെ നേരിട്ട് പ്രവൃത്തി ഏല്പിക്കുകയാണുണ്ടായത്.

തയ്യാറാക്കപ്പെട്ട എസ്റ്റിമേറ്റ് അനുസരിച്ചുള്ള കാര്യങ്ങളല്ല കരാർ ഏറ്റെടുത്ത സ്ഥാപനം നടത്തിയിട്ടുള്ളത്. എന്തടിസ്ഥാനത്തിലാണ് കരാർ സ്ഥാപനം പ്രവർത്തി നടത്തിയത് എന്ന് വ്യക്തമല്ല. കരാറിനൊപ്പം എസ്റ്റിമേറ്റ് ഉൾക്കൊള്ളിച്ചിരുന്നുമില്ല.

പ്രവൃത്തിയുടെ അളവു രേഖപ്പെടുത്തി മൂല്യ നിർണ്ണയം നടത്താതെ കരാർ സ്ഥാപനം സമർപ്പിച്ച ഇൻവോയ്സ് അനുസരിച്ചാണ് പേമെന്റ് നടത്തിയത്.

കരാർ സ്ഥാപനം തുക കൈപ്പറ്റിയതായുള്ള ഔദ്യോഗിക രസീതില്ല.

*എയർ കണ്ടീഷണറുകൾക്ക് കമ്പോള വിലയുടെ ഇരട്ടിയിലധികം വില കാണിച്ചു*

2 Ton ന്റെ രണ്ട് എയർ കണ്ടീഷണറുകളുടെ വിലയും ഫിറ്റിംഗ് ചാർജ്ജുമായി 160000 + 14.5% VAT സഹിതം 183200/- രൂപാ ഇൻവോയ്സിൽ കാണിച്ചിട്ടുണ്ട്. അതായത് ഒരെണ്ണത്തിന് രൂ.91600/-.

ഓഡിറ്റ നടത്തിയ പരിശോധനയിൽ *Blue Star* കമ്പനിയുടെ *2 Ton 3 Star* സ്പ്ലിറ്റ് എയർ കണ്ടീഷണർ (Model No.3HW24FBU) ആണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് കണ്ടു. ഓഡിറ്റ നടത്തിയ അന്വേഷണത്തിൽ, ഇവിടെ സ്ഥാപിച്ചിട്ടുള്ള അതേ ബ്രാന്റിലുള്ളതും അതേ മോഡലിലുള്ളതുമായ (Model No. BLU3HW24FBU) എയർ കണ്ടീഷണർ ഇപ്പോൾ പോലും ഇതിന്റെ പകുതിയിൽ താഴെ വിലയ്ക്ക് മാർക്കറ്റിൽ ലഭ്യമാണ് എന്നറിയാൻ കഴിഞ്ഞു (ഫിറ്റിഗ് ചാർജ്ജ സഹിതം).

*(എയർ കണ്ടീഷണർ വില്ക്കുന്ന കേരളത്തിലെ പ്രധാന വ്യാപാര സ്ഥാപനമായ "QRS Retail Limited" ന്റെ ആലപ്പുഴയിലുള്ള ശാഖയിൽ നിന്നും 18.2.2017 ൽ ഓഡിറ്റ് ഓഫീസർക്കു ലഭിച്ച പ്രൊഫോർമാ ഇൻവോയ്സ് നം. 000191 പ്രകാരം Blue Star കമ്പനിയുടെ ടി മോഡലിലുള്ള 2 Ton 3 Star എയർ കണ്ടീഷണർ ഒന്നിന് ഫിറ്റിംഗ് ചാർജ്ജ്, സർവ്വീസ് ചാർജ്ജ് എന്നിവയടക്കം കേവലം രൂ.41500/- ആണ് കാണിച്ചിട്ടുള്ളത്.)*

ഇതിൽ നിന്നും യഥാർത്ഥത്തിലുള്ള വിലയുടെ ഏകദേശം ഇരട്ടിയിലധികം ആണ് ഇവിടെ കരാർ സ്ഥാപനമായ STRAW BOARD FACTORY കാണിച്ചിട്ടുള്ളത് എന്ന് വ്യക്തം. ഇതുമൂലം ഭീമമായ വിധം അധിക തുക കരാർ സ്ഥാപനത്തിന് നല്കാനിടയായി.

*ഗുണനിലവാരം കുറഞ്ഞ ഫർണീച്ചറുകൾ, ഭീമമായ വില*

ഓഡിറ്റ നടത്തിയ ഭൗതിക പരിശോധനയിൽ തീരെ ഗുണനിലവാരമില്ലാത്ത ഫർണീച്ചറുകളാണ് ക്ലാസ്സ് മുറിയിൽ സജ്ജമാക്കിയിട്ടുള്ളത് എന്നു കണ്ടു. പ്രത്യേകിച്ചും കസേരകൾ. 3625 + 14.5% VAT സഹിതം ഒരെണ്ണത്തിന് 4151/- രൂപയാണ് കസേരയുടെ വിലയായി ഇൻവോയ്സിൽ കാണിച്ചിരിക്കുന്നത് (40 എണ്ണത്തിന് രൂ.166040/-). എന്നാൽ ഇതിന്റെ 1/3 പോലും വില മതിക്കാത്തതും തീരെ നിലവാരം കുറഞ്ഞതുമായ കസേരകളാണ് ക്ലാസ്സ് മുറിയിൽ സജ്ജീകരിച്ചിട്ടുള്ളത്.

ടി ന്യൂനതകൾക്ക് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5 /15.2.2017) മറുപടി ലഭിച്ചിട്ടില്ല.

വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തി വില, ഗുണനിലവാരം, എന്നിവ സംബന്ധിച്ച ക്രമക്കേടുകൾ മൂലം ഉണ്ടായ നഷ്ടം കരാർ സ്ഥാപനത്തിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

ടി ന്യൂനതകളുടെ വെളിച്ചത്തിൽ ഈ പദ്ധതിക്കായി നടത്തിയ 974964/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

---------------------------------------------------------------------------------------------------

*അനുബന്ധ വിവരങ്ങൾ :-*

*എഗ്രിമെന്റ് നം. 22/AEE/CNGR/2015-16, തീയതി 15.12.2015*

*ഇൻവോയ്സ് വിവരങ്ങൾ*

*ഇൻവോയ്സ് നം. 96/21.3.2016 രൂ. 297000/-*

*ഇൻവോയ്സ് നം. 117/28.3.2016 രൂ. 677964/-*

*ആകെ രൂ. 974964/-*

*ചെലവു വിവരങ്ങൾ*

*1. Bill No. 25/30.3.16 :- രൂ. 297000/-*

*(Bankers Cheque No. 607454/1.6.16Rs. 297000/-)*

*2. 2.7.16ൽ SBT അക്കൗണ്ടിൽ നിന്നും Cheque No. 77806 പ്രകാരം നല്കിയ തുക :- രൂ. 677964/-*

## 3-2 യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും നിയമാനുസൃതം പിഴ/കോമ്പൻസേഷൻ ഈടാക്കിയില്ല

2012 ലെ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2112 പ്രകാരം കരാർ പ്രവൃത്തിയുടെ അന്തസത്ത സമയക്ലിപ്തതയാണ്. കരാറുകാരൻ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ ബാധ്യസ്ഥനമാണ്. ഏതെങ്കിലും കാരണവശാൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം, നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കു മുമ്പ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ള പക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാണ് (ഓരോ തവണയും കാലാവധിയുടെ 25 ശതമാനത്തിൽ അധികമാകാത്ത വിധം). ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി പൂർത്തീകരണ സമയം ദീർഘിപ്പിക്കാവുന്നതാണ്. ഇതിന് ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്.

ടി നിബന്ധന അനുസരിച്ച് 25% വരെയുള്ള കാലാവധി ദൈർഘ്യത്തിന് PAC യുടെ 1% ഉം, 25% മുതൽ 50% വരെയുള്ള കാലദൈർഘ്യത്തിന് PAC യുടെ 1+2=3% ഉം പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചു മാത്രമേ കാലാവധി ദീർഘിപ്പിക്കാമായിരുന്നുള്ളൂ. എന്നാൽ നിശ്ചിത കാലാവധിക്കു ശേഷം പൂർത്തീകരിച്ച പല മരാമത്തു പ്രവൃത്തികളുടെയും കാര്യത്തിൽ ചെങ്ങന്നൂർ ബ്ലോക്കിൽ ഇപ്രകാരം കരാറുകാർ സമയദൈർഘ്യ ത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തതായി കാണുന്നില്ല. അതുപോലെ കലാവധി കഴിഞ്ഞ് പൂർത്തികരിച്ചവരിൽ നിന്നും നിയമാനുസൃത കോമ്പൻസേഷൻ ഈടാക്കിയിട്ടുമില്ല.

നിയമാനുസൃതം കോമ്പൻസേഷൻ ഈടാക്കാത്തതിനാൽ ഈ ഇനത്തിൽ കാര്യമായ നഷ്ടം ഉണ്ടായിട്ടുണ്ട് എന്ന് കാണുന്നു.

ടി ന്യൂനതകൾക്ക് വിശദീകരണം ആരാഞ്ഞ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2 /14.2.2017) അസി.

എക്സി. എഞ്ചിനീയർ 15.2.17ൽ നല്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും പിഴ ഈടാക്കി രേഖാമൂലം അറിയിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

വിവിധ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കോമ്പൻസേഷൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുകയുടെ വിശദാംശം ചുവടെ.

| ക്രമ നം. | പ്രോജക്റ്റ് നം., പേര്, എസ്റ്റിമേറ്റ് തുക | കരാറുകാരന്റെ പേര്, എഗ്രിമെന്റ് നം. തീയതി, ടെണ്ടർ വ്യത്യാസം, അംഗീകൃത PAC | സ്ഥലം കൈമാറിയ തീയതി, പൂർത്തീകരണ കാലാവധി/ തീയതി | യഥാർത്ഥത്തിൽ പൂർത്തീകരിച്ച തീയതി, അധികമായി എടുത്ത സമയം, (ശതമാനം) | ഈടാക്കേണ്ടിയിരുന്ന കോമ്പൻസേഷൻ ശതമാനവും തുകയും | M Book നം., ആകെ മൂല്യം, ഫൈനൽ ബിൽ വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | S0040/16, കളത്തൂർകടവ് പുത്തൻ കണ്ടത്തിൽ പടി റോഡ് മെറ്റലിംഗ്, ടാറിഗ്, സൈഡ് കെട്ടൽ, രൂ.995782/- | ഗോപാലകൃഷ്ണൻ, 19/AEE/ CNGR/2015-16 തീയതി 12.8.15, 1.25% കുറവ്, രൂ, 983335/- | 21.8.15, 3മാസം, 20.11.15 | 29.2.16, 101 ദിവസം, (14.4 ആഴ്ച) | 1.44%, 14,160/- | M.Book No. 18/2015-16, രൂ.983335/-, Bill No. 18 dtd. 23.3.2016 രൂ.983335/- |
| 2 | S0076/16, ബുധനൂർ പഞ്ചായത്തിലെ വനിതാ ഗ്രൂപ്പിന് വ്യവസായ ഷെഡ്ഡ് നിർമ്മാണം, രൂ.779523/- | അജിത് കുമാർ, 21/AEE / CNGR/2015-16 തീയതി 14.9..15, 4.1% കുറവ്, രൂ, 747582/- | 14.9.15, 3മാസം, 13.12.15 | 16.3.16, 94 ദിവസം, (13.4 ആഴ്ച) | 1.34%, 10018/- | M.Book No. 20/2015-16, രൂ.709084/-, Bill No. 20 dtd. 28.3.2016 രൂ.709084/- |
| 3 | S0041/16, കരീലത്തറപ്പടി ഉതി നില്കുന്നതിൽപ്പടി റോഡ്, വെണ്മണി, രൂ.799580/- | A.G. ജോൺ, 04/AEE/ CNGR/2015-16 തീയതി 7.8.15, 20.01% കുറവ്, രൂ, 639584/- | 11.8.15, 3മാസം, 10.11.15 | 29.2.16 111 ദിവസം, (15.9 ആഴ്ച) | 1.59% 10169/- | M.Book No. 17/2015-16, രൂ.639584/-, Bill No. 19 dtd. 23.3.2016 രൂ.639584/- |
| 4 | S0056/16, പള്ളിപ്പുറം കോളനി റോഡ് പാർശ്വ ഭിത്തി നിർമ്മാണവും മണ്ണിട്ടുയർത്തലും, വെണ്മണി വാർഡ് 6, രൂ.499671/- | സുനിൽകുമാർ, 01/AEE/ CNGR/2015-16 തീയതി 7.8.15, 10.79% കുറവ്, രൂ, 445756/- | 11.8.15, 3മാസം, 10.11.15 | 18.3.16 129 ദിവസം, (18.4 ആഴ്ച) | 1.84% 8202/- | M.Book No. 21/2015-16, രൂ.388324/-, Bill No. 21 dtd. 28.3.2016 രൂ.388324/- |
| 5 | S0022/16, മണലേൽപടി റോഡ് മെറ്റലിംഗും ടാറിംഗും രൂ.599474/- | ശാമുവൽ എബ്രഹാം 16/AEE/ CNGR/2015-16 തീയതി 12.8.15, 14.99% കുറവ്, രൂ, 509621/- | 21.8.15, 3മാസം, 20.11.15 | 11.1.16 52 ദിവസം, (8.3 ആഴ്ച) | 0.83%, 4230/- | M.Book No. 11/2015-16, രൂ.508527/-, Bill No. 17 dtd. 16.3.2016 രൂ.508527/- |

| | | | | | | |
|---|---|---|---|---|---|---|
| 6 | S0021/16, കല്ലഴത്തിൽ റീത്ത് പള്ളി റോഡ് റീ ടാറിംഗ്, വാർഡ് 1, മുളക്കുഴ, രൂ.599536/- | A.J.ജോൺ, 03/AEE/ CNGR/2015-16 തീയതി 7.8.15, 19.5% കുറവ്, രൂ, 482627/- | 11.8.15, 3മാസം, 10.11.15 | 18.1.16 69 ദിവസം, (9.9 ആഴ്ച) | 0.99%, 4778/- | M.Book No. 16/2015-16, രൂ.482627/-, Bill No. 15 dtd. 12.2.2016 രൂ.482627/- |
| 7 | S0055/16, താന്നുവേലിപ്പടി ചെറുമിക്കാട് റോഡ് ടാറിംഗ്, ചെറിയനാട്, രൂ.498796/- | ശാമുവൽ എബ്രഹാം 17/AEE/CNGR/ 2015-16 തീയതി 12.8.15, 16.4% കുറവ്, രൂ, 416993/- | 21.8.15, 3മാസം, 20.11.15 | 17.12.15 27 ദിവസം, (3.9 ആഴ്ച) | 0.39% 1626/- | M.Book No. 15/2015-16, രൂ.415325/-, Bill No. 13 dtd. 12.2.2016 രൂ.415325/- |
| 8 | S0061/16, പാലനിൽക്കുന്നതിൽപ്പടി പാലത്ര റോഡ്, വാർഡ് 5,മുളക്കുഴ രൂ.499618/- | സുനിൽകുമാർ, 02/AEE/ CNGR/2015-16 തീയതി 7.8.15, 19.1% കുറവ്, രൂ, 404191/- | 11.8.15, 3മാസം, 10.11.15 | 5.3.16 116 ദിവസം, (18.4 ആഴ്ച) | 1.84%, 7437/- | M.Book No. 19/2015-16, രൂ.403672/-, Bill No. 22 dtd. 28.3.2016 രൂ.403672/- |
| | | | ആകെ | | **60620/-** | |

നിയമാനുസൃതം പിഴ, കോമ്പൻസേഷൻ എന്നിവ ഈടാക്കാതിരുന്നതു മൂലം അധികം നൽകിയ തുക 60,620/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 പാണ്ടനാട് CHC മെയിന്റനൻസ് - അധിക ചെലവ്

പ്രോജക്ട് നം. :- S0068/16

കരാറുകാരൻ :- M.A. രാജൻ (എസ്റ്റി. നിരക്കിൽ നിന്നും 1.3% കുറച്ച്)

പാണ്ടനാട് CHC മെയിന്റനൻസിനായി 20,55,000/- രൂപാ അടങ്കലിൽ 2014-15 ൽ ആരംഭിച്ച് 7.8.2015ൽ പൂർത്തികരിച്ച ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ബില്ലിൽ നിന്നും ടെണ്ടർ വ്യത്യാസം കുറയ്ക്കാതെയും കാലതാമസത്തിന് പിഴ, കോമ്പൻസേഷൻ എന്നിവ ഈടാക്കാതെയും കരാറുകാരന് തുക നല്കിയതു മൂലം അധിക ചെലവുണ്ടായതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1. ടെണ്ടർ വ്യത്യാസം കുറച്ചില്ല

അളവു പുസ്തകം പ്രകാരം പ്രവൃത്തിയുടെ ആകെ മൂല്യം 19,45,371/- രൂപയാണ്. എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 1.3% കുറച്ചാണ് കരാറുകാരൻ ടെണ്ടർ സമർപ്പിച്ചിരുന്നത്. ആയതിനാൽ ഈ മൂല്യത്തിൽ നിന്നും 1.3%, അതായത് 25290/- രൂപ കുറവു ചെയ്തു മാത്രമേ ബിൽ തുക നല്കേണ്ടിയിരുന്നുള്ളു. എന്നാൽ ബില്ലിൽ നിന്നും ടെണ്ടർ വ്യത്യാസം കുറവു ചെയ്തില്ല. തൻമൂലം 25290/- രൂപ അധിക ചെലവുണ്ടായി. ഈ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

2. പിഴ, കോമ്പൻസേഷൻ എന്നിവ ഈടാക്കിയില്ല

കരാറുകാരൻ 18.2.15 ൽ കരാർ വെച്ച് പ്രവൃത്തി ഏറ്റെടുത്തിരുന്ന പ്രവർത്തിയുടെ പൂർത്തീകരണ കാലാവധി 3 മാസമാണ് കാണിച്ചിരുന്നത്. അതനുസരിച്ച് പ്രവൃത്തി 17.5.2015 ൽ പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ പൂർത്തീകരിച്ചത് 7.8.2015, അധികമായി 82 ദിവസം കൂടി കഴിഞ്ഞ്.

ഈ കാലതാമസത്തിന് 2012 ലെ പിഡബ്ല്യൂഡി മാനുവൽ സെക്ഷൻ 2112, സെക്ഷൻ 2116.1 എന്നിവ അനുസരിച്ച് താഴെപ്പറയും പ്രകാരം കോമ്പൻസേഷൻ ഈടാക്കേണ്ടിയിരുന്നു. (വിശദാംശം ഖണ്ഡിക 3-2ൽ) എന്നാൽ ഈയിനങ്ങളിൽ യാതൊരു തുകയും ഈടാക്കിയിട്ടില്ല.

| | | |
|---|---|---|
| എസ്റ്റിമേറ്റ് | 20,33,332/- | |
| അംഗീകൃത PAC | 2033332 – 1.3% | = 2006898/- |
| അധികമായി എടുത്ത സമയം | | = 82 ദിവസം (11.7 ആഴ്ച) |
| ഒരാഴ്ച്ചക്കം PAC യുടെ 0.1% എന്ന നിരക്കിൽ 11.7 ആഴ്ചത്തേയ്ക്ക് ഈടാക്കേണ്ടിയിരുന്ന കോമ്പൻസേഷൻ (2006898x1.17%) | | = 23481/- |

നിയമാനുസൃതം കോമ്പൻസേഷൻ ഈടാക്കാതിരുന്നതു മൂലം 23,481/- രൂപയുടെ അധിക ചെലവ് ഉണ്ടായി. ഈ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

(ടി ന്യൂനതകൾ ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 6 /15.2.2017) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല.)

ടി രണ്ട് ന്യൂനതകൾ മൂലം ആകെ അധിക ചെലവ് 25290+ 23481= 48771/- രൂപ. ഈ തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

-----------------------------------------------------------------------------------------------

*അനുബന്ധ വിവരങ്ങൾ : -*

| | | |
|---|---|---|
| *പദ്ധതി അടങ്കൽ* | *:-* | *രൂ.20,55,000/-/-* |
| *കരാർ നം.* | *:-* | *20/AEE/CNGR/2014 തീയതി 18.2.2015* |
| *അളവു പുസ്തകം നം* | *:-* | *13/AEE/LSGD/2014-15, 01/AEE/LSGD/2015-16,* |
| *ആകെ ചെലവ്* | *:-* | *19,45,371/-* |
| *നികുതികളും മറ്റും കിഴിച്ച് കരാറുകാരന് നല്കിയ തുക* | *:-* | *രൂ.18,28,065/-* |
| *ഫൈനൽ ബിൽ വിവരങ്ങൾ* | *:-* | *Bill No. 01/28.9.2015 രൂ.2,13,923/-* |
| *ചെലവു നടത്തിയ ഉദ്യോഗസ്ഥ* | *:-* | *ശ്രീമതി. K.G.ശ്രീകല അസി. എക്സി. എഞ്ചിനീയർ* |

## 3-4 കാര്യമായ വാഹന ഗതാഗതം ഇല്ലാത്ത റോഡുകളുടെ കോൺക്രീറ്റിഗ് - കോൺക്രീറ്റിന് ആവശ്യത്തിലധികം കനം - അധിക ചെലവ്

താരതമ്യേന വാഹന ഗതാഗതം കുറവുള്ള റോഡുകൾ കോൺക്രീറ്റ് ചെയ്യുമ്പോൾ 10cm കനത്തിൽ 1:4:8 കോൺക്രീറ്റിംഗ് നടത്തി അതിനു മുകളിൽ 5cm കനത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് 1:2:4 കോൺക്രീറ്റിംഗ് ചെയ്യുകയാണ് പതിവ്. ഇപ്രകാരം നിർമ്മിച്ചാൽ മതിയാകും എന്ന് LSGD ചീഫ് എഞ്ചിനീയറുടെ 28.9.2015 ലെ DB4-9099/2015/CE/LSGD നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുമുണ്ട്. വാഹന ഗതാഗതം കൂടിയ റോഡുകളിൽ 7.5cm കനത്തിൽ വരെ 1:2:4 കോൺക്രീറ്റിംഗ് നടത്താവുന്നതാണ്. എന്നാൽ ഇത് സാധൂകരിക്കുന്ന എഞ്ചിനീയറിങ് ഡിസൈൻ, വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ തയ്യാറാക്കി ആവശ്യമായ സാങ്കേതികാനുമതി വാങ്ങേണ്ടതുണ്ട്.

എന്നാൽ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ ഈ വർഷം നിർമ്മിക്കപ്പെട്ട താഴെപ്പറയുന്ന, താരതമ്യേന വാഹന ഗതാഗതം കുറഞ്ഞ റോഡുകളുടെ നിർമ്മാണത്തിലും ഉയർന്ന കനത്തിൽ കോൺക്രീറ്റിംഗ് ചെയ്തതായാണ് കാണിച്ചിട്ടുള്ളത്. ഇത് സാധൂകരിക്കുന്ന എഞ്ചിനീയറിങ് ഡിസൈൻ, വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ തയ്യാറാക്കിയിട്ടുമില്ല. തന്മൂലം അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ.

1.S0059/16 പഴക്കാമോടി തെക്കേ ചരിവ് മലമോടി കോളനി റോഡ് കോൺക്രീറ്റിങ്ങ്, ആല

കരാറുകാരൻ :- ശാമുവൽ എബ്രഹാം (എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 16.1%കുറച്ച്)

പ്രവൃത്തിയുടെ ഇനം 4 ആയി 27.68m$^3$ 1:2:4 കോൺക്രീറ്റിംഗ് ചെയ്തതിന് 8391.7/m$^3$ നിരക്കിൽ 232282.26 രൂപാ മൂല്യം നിർണ്ണയിച്ചിട്ടുണ്ട്. അളവു പുസ്തകം പേജ് 7,8 എന്നിവ പ്രകാരം 386.27m2 വിസ്തീർണ്ണത്തിൽ 0.075m കനത്തിൽ ആകെ 27.97m$^3$ കണക്കാക്കി, എസ്റ്റിമേറ്റ് അളവിൽ ( 27.68m$^3$) ക്ലിപ്തപ്പെടുത്തിയാണ് മൂല്യനിർണ്ണയം നടത്തിയത്.

5cm കനമാണ് അനുവദിച്ചിരുന്നത് എങ്കിൽ കോൺക്രീറ്റിംഗിന്റെ വ്യാപ്തത്തിൽ താഴെപ്പറയും പ്രകാരം കുറവും തന്മൂലം ചെലവും കുറയുമായിരുന്നു.

അനുവദനീയ അളവ് 386.27 x 0.05 = 19.31m$^3$

അധികമായി കണക്കാക്കപ്പെട്ട അളവ് = 27.68 – 19.31 = 8.37m$^3$

ഇതുമൂലം ഉണ്ടായ അധിക ചെലവ് = 8.37 x 8391.7 – 16.1% = 58930/-

(ടി ന്യൂനതകൾ ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 7 /15.2.2017) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല)

ഈ അധിക ചെലവ് രൂ. 58930/- ഓഡിറ്റിൽ അനുവദിക്കുന്നില്ല. അധികമായി ചെലവ് ചെയ്ത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

----------------------------------------------------------------------------------------------------

*അനുബന്ധ വിവരങ്ങൾ : -*

| | | |
|---|---|---|
| *കരാർ നം.* | :- | *20/AEE /CNGR/2014 തീയതി 18.2.2015* |
| *അളവു പുസ്തകം നം* | :- | *12/15-16* |
| *ആകെ ചെലവ്* | :- | *419003/-* |
| *ഫൈനൽ ബിൽ വിവരങ്ങൾ* | :- | *Bill No. 09/13.1.16 രൂ.419003/-* |
| *സാങ്കേതികാനുമതി നല്കുകയും ചെക്ക മെഷർ ചെയ്യുകയും ചെലവു നടത്തുകയും ചെയ്തത്* | :- | *ശ്രീമതി. K.G.ശ്രീകല അസി. എക്സി. എഞ്ചിനീയർ* |

2.S0061/16 പാലനിൽക്കുന്നതിൽ പടി പാലത്രു റോഡ്, വാർഡ് 5, മുളക്കുഴ

കരാറുകാരൻ :- സുനിൽ കുമാർ (എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 19.1%കുറച്ച്)

പ്രവൃത്തിയുടെ ഇനം 4 ആയി 28.13$m^3$ 1:2:4 കോൺക്രീറ്റിംഗ് ചെയ്യതിന് 8391.7/$m^3$ നിരക്കിൽ 236058.52 രൂപാ മൂല്യം നിർണ്ണയിച്ചിട്ടുണ്ട്. അളവു പുസ്തകം പേജ് 5 പ്രകാരം 80$m^2$ വിസ്തീർണ്ണം 0.060mകനത്തിലും ബാക്കി 315$m^2$ വിസ്തീർണ്ണം 0.075m കനത്തിലും ആണ് ചെയ്യതായി കാണിച്ചിള്ളത്.

5cm കനമാണ് അനുവദിച്ചിരുന്നത് എങ്കിൽ കോൺക്രീറ്റിംഗിന്റെ വ്യാപ്തത്തിൽ താഴെപ്പറയും പ്രകാരം കുറവും തന്മൂലം ചെലവും കുറയുമായിരുന്നു.

അനുവദനീയ അളവ് (80 + 315) x 0.05 = 19.75$m^3$

അധികമായി കണക്കാക്കപ്പെട്ട അളവ് = 28.13 – 19.75 = 8.38$m^3$

ഇതുമൂലം ഉണ്ടായ അധിക ചെലവ് = 8.38 x 8391.7 – 19.1% = 56891/-

ടി ന്യൂനതകൾ ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 7 /15.2.2017) മറുപടി ലഭിച്ചിട്ടില്ല)

ഈ അധിക ചെലവ് രൂ. 56891/ -ഓഡിറ്റിൽ നിരാകരിക്കുന്നു. അധിക തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

-----------------------------------------------------------------------------------------------------

*അനുബന്ധ വിവരങ്ങൾ : -*

| | | |
|---|---|---|
| *കരാർ നം.* | *:-* | *2/AEE/CNGR /2015-16 തീയതി 7.8.2015* |
| *അളവു പുസ്തകം നം* | *:-* | *19/15-16* |
| *ആകെ ചെലവ്* | *:-* | *403672/-* |
| *ഫൈനൽ ബിൽ വിവരങ്ങൾ* | *:-* | *Bill No. 22/28.3.16 രൂ.403672/-* |
| *സാങ്കേതികാനുമതി നല്കുകയും ചെക്ക മെഷർ ചെയ്യുകയും ചെലവു നടത്തുകയും ചെയ്തത്* | *:-* | *ശ്രീമതി. K.G.ശ്രീകല അസി. എക്സി. എഞ്ചിനീയർ* |

## 3-5 പട്ടികജാതി യുവജനങ്ങൾക്കു മിലിട്ടറി റിക്രൂട്ട്മെന്റ് പരിശീലനം - മതിയായ ശാരീരിക യോഗ്യത ഇല്ലാത്തവർക്കു പരിശീലനം നൽകി , പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയില്ല

പ്രോജക്ട് നം : 47/16)

നിർവ്വഹണം : പട്ടികജാതി വികസന ഓഫീസർ

അടങ്കൽ : 1750000 ( 1680000 വികസന ഫണ്ട് scp + 70000 ഗുണഭോക്തൃ വിഹിതം )

2015-16 വർഷം നടപ്പിലാക്കിയ പട്ടികജാതി യുവജനങ്ങൾക്കു മിലിട്ടറി റിക്രൂട്ട്മെന്റ് പരിശീലനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 70 പേർക്ക് പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ, കോഴിക്കോട് എന്ന സ്ഥാപനം മുഖേനയാണ് പരിശീലനം നൽകിയിരുന്നത്. 2015-16, 2016-17 വർഷങ്ങളിലായി 16.8ലക്ഷം രൂപ പരിശീലന പരിപാടിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. സായുധസേന വിഭാഗങ്ങളിലേക്കും, അർദ്ധസൈനിക വിഭാഗങ്ങളിലേക്കും, പോലീസ് സേനയിലേക്കും തെരഞ്ഞെടുക്കപ്പെടുന്നതിനു വേണ്ടി പരിശീലനം നൽകുന്നതിനുള്ള കേന്ദ്രമായി പരിശീലന സ്ഥാപനത്തിനെ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സായുധസേനയിലേക്കു തെരഞ്ഞെടുക്കപ്പെടുന്നതിനു പരിശീലനം നൽകുന്നതിനുള്ള പദ്ധതിയ്ക്കാണ് ബ്ളോക്ക് പഞ്ചായത്തിനു അംഗീകാരം ലഭിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.

1) മതിയായ ശാരീരിക യോഗ്യത ഇല്ലാത്തവർക്കു പരിശീലനം നൽകി

ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡങ്ങളിൽ 17 വയസ്സിനും 28 വയസ്സിനും ഇടയിൽ പ്രായമുള്ളവരായിരിക്കണമെന്നും, യുവാക്കൾക്കു മിനിമം 167 cm ഉയരവും യുവതികൾക്കു 155 cm ഉയരവും ഉണ്ടായിരിക്കണമെന്നും, പരിശീലന സ്ഥാപനം നടത്തുന്ന പ്രാഥമിക പരീക്ഷയിൽ യോഗ്യത നേടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പരിശീലനം ലഭിച്ച പല ഗുണഭോക്താക്കളും മേൽ പരാമർശിച്ച ശാരീരിക യോഗ്യത ഇല്ലാത്തവരാണ്. പല ഗുണഭോക്താക്കളുടെയും ശാരീരിക യോഗ്യതകൾ പരിശോധിച്ചിട്ടുമില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അഡ്മിറ്റ് കാർഡിൽ രേഖപ്പെടുത്തി | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | | യിരിക്കുന്ന ഉയരം ( cm ) | |
| 1 | ഗീതു ആർ.ജി<br>ഗിരീഷ് ഭവനം | രേഖപ്പെടുത്തിയിട്ടില്ല | ശാരീരിക യോഗ്യത പരിശോധിച്ചിട്ടില്ല. അപേക്ഷയിൽ 154 cm ഉയരം എന്ന രേഖപ്പെടുത്തിയിരിക്കുന്നു. |
| 2 | അഹല്യ.വി.ആർ<br>വലിയവീട്ടിൽ | 152 | -- |
| 3 | ചിന്നു കെ സാബു<br>കളീക്കൽവടക്കേതിൽ | 154 | -- |
| 4 | ശ്രുതി<br>ഉമ്മരപ്പള്ളിൽ | രേഖപ്പെടുത്തിയിട്ടില്ല | ശാരീരിക യോഗ്യത പരിശോധിച്ചിട്ടില്ല.അപേക്ഷയിൽ 154 cm ഉയരം എന്ന രേഖപ്പെടുത്തിയിരിക്കുന്നു. |
| 5 | രശ്മി രാജേന്ദ്രൻ<br>ഉമ്മരപ്പള്ളിൽ | 154 | -- |
| 6 | രേഷ്മ രവിന്ദ്രൻ<br>കോക്കാലയിൽ | 152 | -- |
| 7 | സുജിത് എസ്<br>സുജിത് ഭവനം | 162 | -- |
| 8 | വിഷ്ണു ചന്ദ്രൻ<br>അശ്വതി നിലയം | 163 | -- |
| 9 | നിധിൻ രാജ്<br>വടക്കേക്കര | 162 | -- |

| | | | |
|---|---|---|---|
| 10 | ആകാശ് ദേവ്<br>ആകാശ് ഭവൻ | രേഖപ്പെടുത്തിയിട്ടില്ല | ശാരീരിക യോഗ്യത പരിശോധിച്ചിട്ടില്ല.അപേക്ഷയിൽ 162 cm ഉയരം എന്ന രേഖപ്പെടുത്തിയിരിക്കുന്നു. |
| 11 | സുനി .കെ.എസ്<br>കുന്നിത്തറയിൽ | 164 | -- |
| 12 | അജിത് അനിൽ<br>ഒത്തന്റെ കുന്നിൽ | 164 | -- |
| 13 | മോഹജിത്<br>പടിഞ്ഞാറ്റേതിൽ | 165 | -- |
| 14 | ആശ പി.എ<br>പതിയാട്ടുമഠത്തിൽ | 152 | -- |
| 15 | അശ്വനി, മാലിത്തറ | 150 | -- |
| 16 | ശരൺ രാജ്<br>കൊട്ടാരത്തിൽ | 166 | -- |
| 17 | അഖിൽ പി, പുഷ്പാലയം | 163 | -- |
| 18 | നന്ദുമോൻ പി.എസ്<br>പുളിമ്പിള്ളിത്തറ | 165 | -- |
| 19 | സുജിത് കുമാർ<br>മാലിത്തറയിൽ | 163 | -- |
| 20 | വിവേക് കൃഷ്ണൻ<br>കുറ്റി അയ്യത്ത് വീട് | 165 | -- |

| | | | |
|---|---|---|---|
| 21 | വിശാഖ് എം വി<br>മുളംപള്ളിമലയിൽ | 166 | -- |
| 22 | അഭിജിത്<br>തോണ്ടറലക്ഷം വീട് | 161 | -- |
| 23 | അശ്വിൻ, കല്ലുവേലിൽ | 160 | -- |
| 24 | അഭിജിത് ആർ<br>കടയ്ക്കൽപടിഞ്ഞാറേതിൽ | രേഖപ്പെടുത്തിയിട്ടില്ല | ശാരീരിക യോഗ്യത പരിശോധിച്ചിട്ടില്ല. അപേക്ഷയിൽ 160 cm ഉയരം എന്ന രേഖപ്പെടുത്തിയിരിക്കുന്നു. |
| 25 | ബെൻസൻ<br>പടിഞ്ഞാറേവളയൻതറയിൽ | 165 | -- |

ശാരീരിക യോഗ്യതകൾ ഉറപ്പാക്കാതെ ഗുണഭോക്താക്കളെ പരിശീലന പരിപാടിയ്ക്കു തെരഞ്ഞെടുത്തത് തെറ്റായ നടപടിയാണ്. ഏതു തരം പരിശീലനമാണ് നൽകിയതെന്നും പരിശീലനത്തിന്റെ നിലവാരവും പരിശോധിക്കപ്പെട്ടിട്ടില്ല. മതിയായ ശാരീരിക യോഗ്യത ഇല്ലാത്തവർക്കു പരിശീലനം നൽകിയതു ഇവർക്കു വേണ്ടി ചെലവഴിച്ച തുക പാഴാകുന്നതിനു ഇടയാക്കി.

2) <u>പരിശീലന പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല, പദ്ധതി പണം വിനിയോഗിച്ചതു മൂലം എന്തെങ്കിലും നേട്ടമുണ്ടായതായി രേഖകളില്ല</u>

ട്രെയിനിംഗിന്റെ നിലവാരം, ജോലി ലഭ്യത എന്നീ ഘടകങ്ങൾ മോണിട്ടറിംഗിനു വിധേയമാക്കേണ്ടിയിരുന്നു. എന്നാൽ പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല. 9 ഗുണഭോക്താക്കളുടെ സർട്ടിഫിക്കറ്റ് വിതരണം നടത്തിയിട്ടില്ല. ഗുണഭോക്താക്കൾക്കു ജോലി ലഭിച്ചതിന്റെ വിവരം ലഭ്യമല്ല.വികസനഫണ്ടിൽ നിന്നും 16,80,000/- രൂപാ ചെലവഴിച്ചിട്ടും ഈ പദ്ധതി മൂലം നാളിതുവരെ ഏതെങ്കിലും ഒരു ഗുണഭോക്താവിന് ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തൊഴിൽ ലഭിച്ചിട്ടില്ല.

മേൽ വിഷയങ്ങളിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം 1 / 14-02-17 ) ശാരീരിക യോഗ്യത പരിശോധിച്ചാണ് ഗുണഭോക്താക്കളെ കണ്ടെത്തിയതെന്നും, ജോലി ലഭിച്ചതിന്റെ വിവരങ്ങൾ ഗുണഭോക്താക്കൾ അറിയിച്ചിട്ടില്ലായെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്.മറുപടി തൃപ്തികരമല്ലാത്തതിനാൽ പദ്ധതിയ്ക്കു വേണ്ടി തൻവർഷം ചെലവഴിച്ച 840000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>*ചെലവു വിവരം*</u>

ബിൽ നം. / തീയതി/ തുക

16 /15-16 / 23-03-16, 840000/- രൂപ

1 /16-17 / 18-10-16, 840000/- രൂപ

## 3-6 പട്ടികജാതി യുവജനങ്ങൾക്കു സെക്യൂരിറ്റി സർവ്വീസ് പരിശീലനം -തെരഞ്ഞെടുക്കപ്പെട്ടവർ പരിശീലനം പാതിവഴിയിൽ ഉപേക്ഷിച്ചു , പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയില്ല

പ്രോജക്ട് നം : 48/16

നിർവ്വഹണം : പട്ടികജാതി വികസന ഓഫീസർ

അടങ്കൽ : ( 648995 വികസന ഫണ്ട് scp + 71005 തനതുഫണ്ട് + 30000 ഗുണഭോക്തൃ വിഹിതം )

പട്ടികജാതി യുവജനങ്ങൾക്കു സെക്യൂരിറ്റി സർവ്വീസ് പരിശീലനം എന്ന പേരിൽ 2015-16 വർഷം പദ്ധതിയ്ക്കു അംഗീകാരം ലഭിച്ചിരുന്നു. 30 പേർക്ക് സെക്യൂരിറ്റി സർവ്വീസിംഗിൽ പരിശീലനം നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ, കോഴിക്കോട് എന്ന സ്ഥാപനം മുഖേനയാണ് പരിശീലന പരിപാടി നടപ്പിലാക്കിയത്. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.

1) <u>30 ഗുണഭോക്താക്കൾക്കായി പദ്ധതി ആവിഷ്കരിച്ചെങ്കിലും 36 ഗുണഭോക്താക്കളെ പരിശീലനത്തിൽ ഉൾപ്പെടുത്തി</u>

ഏകവർഷ പ്രോജക്ടിനാണ് അംഗീകാരം ലഭിച്ചത്.ഒരു ഗുണഭോക്താവിനു 25000 രൂപ (24000 + 1000 ഗു. വിഹിതം) ക്രമത്തിൽ 30 ഗുണഭോക്താക്കൾക്കായി 750000 രൂപ അടങ്കലിലാണ് പ്രോജക്ട് തയ്യാറാക്കിയത്. എന്നാൽ 36 ഗുണഭോക്താക്കളുടെ 50 % ഫീസിനത്തിൽ 432000/- രൂപ പരിശീലന സ്ഥാപനത്തിനു നൽകി.പദ്ധതിയിൽ നിന്നും വ്യതിചലിച്ച് കൂടുതൽ വ്യക്തികളെ പരിശീലനത്തിൽ ഉൾപ്പെടുത്തി.

2) <u>പരിശീലന പദ്ധതി നാളിതുവരെ പൂർത്തീകരിച്ചില്ല.മോണിട്ടറിംഗ് നടത്തിയിട്ടില്ല</u>

36 ഗുണഭോക്താക്കൾ പരിശീലനം ആരംഭിച്ചുവെങ്കിലും 4 വ്യക്തികൾ മാത്രമാണ് പരിശീലനം പൂർത്തീകരിച്ചത്. ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. 32 വ്യക്തികൾ പരിശീലനം പാതിവഴിയിൽ ഉപേക്ഷിച്ചു. ഇതിനുള്ള കാരണം വ്യക്തമല്ല. പരിശീലനത്തിന്റെ നിലവാരം, തൊഴിലിന്റെ ലഭ്യത എന്നീ ഘടകങ്ങൾ മോണിട്ടറിംഗിനു വിധേയമാക്കേണ്ടിയിരുന്നു.എന്നാൽ ഇതു സംബന്ധിച്ച മോണിട്ടറിംഗ് നടത്തിയിട്ടില്ല.

മേൽ വിവരിച്ച ന്യൂനതകളിന്മേൽ വിശദീകരണം ഹാജരാക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 3 / 15-02-17) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ഹാജരാക്കിയില്ല. ഈ സാഹചര്യത്തിൽ പദ്ധതിയ്ക്കു വേണ്ടി ചെലവഴിച്ച 432000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>*ചെലവു വിവരം*</u>

ബിൽ നം. / തീയതി, തുക

15 / 15-16 / 23-03-16, 192000/-

23 / 15-16 / 30-03-16, 240000/-

## 3-7 സെക്രട്ടറിയുടെ പദ്ധതി നിർവ്വഹണം - വിനിയോഗ രേഖകൾ ഇല്ല

സെക്രട്ടറി നിർവഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളുടെ വിനിയോഗ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

1. പ്രോജക്ട് നം.14/16 'തുടർ സാക്ഷരതാ പഠിതാക്കൾക്ക് പരീക്ഷാഫീസ് ' എന്ന പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും 15600/- രൂപ (ഡി.ഡി. നം.598621 തീ.16.03.16) ജില്ലാ കോർഡിനേറ്റർ, ജില്ലാ സാക്ഷരതാ മിഷൻ, ആലപ്പുഴ പേർക്ക് നൽകിയെങ്കിലും ടി ചെലവു സംബന്ധിച്ച് സാക്ഷരതാ മിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല.

2. പ്രോജക്ട് നം.94/16 'ഐ.കെ.എം ന് വാർഷിക വിഹിതം നൽകൽ' പദ്ധതിക്കായി 37116/- രൂപ (ബിൽ.നം.36/2015-16തീ.30.03.16, ഡി.ഡി.നം.607335/31.03.2016) ചെലവഴിച്ചിട്ടുണ്ടെങ്കിലും ടി ചെലവു സംബന്ധിച്ച് ഐ.കെ.എം ൽ നിന്നുള്ള കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിൽ ഹാജരാക്കിയില്ല.
ടി ചെലവുകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ വിഷയങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4) മറുപടി ലഭിച്ചില്ല. അപാകത പരിഹരിച്ച് രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-8 താൽക്കാലിക ജീവനക്കാർക്ക് ദിവസവേതനം അധികം നൽകിയതു സംബന്ധിച്ച അപാകതകൾ

(i)താൽക്കാലിക ടൈപ്പിസ്റ്റിന് അധിക വേതനം നൽകി

ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ടൈപ്പിസ്റ്റിന് 2015 നവംബർ മാസം (വൗച്ചർ നം.21/15-16 സബ് വൗച്ചർ.4/15-16) 30 പ്രവർത്തി ദിവസത്തെ തുക കണക്കാക്കി (30x450) ടി മാസത്തെ വേതനമായി 13500/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടി മാസം 23 പ്രവർത്തി ദിനം മാത്രമാണുള്ളത്. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4) മറുപടി ലഭിച്ചില്ല. അധികമായി ചെലവഴിച്ച 7 ദിവസത്തെ വേതനമായ 3150/- രൂപ തിരികെ ഈടാക്കുകയോ അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ii)താൽക്കാലിക ഡ്രൈവർക്ക് അധിക വേതനം നൽകി

KL 30B 1818 ബൊലേറൊ ജീപ്പിന് ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച ഡ്രൈവർക്ക് 2016 ജനവരി മാസം (വൗച്ചർ നം.47/2015-16, സബ് വൗച്ചർ നം. 11/2015-16) 30 പ്രവർത്തി ദിവസത്തെ തുക കണക്കാക്കി (30x450) 13500/- രൂപ ടി മാസത്തെ വേതനമായി നൽകിയിട്ടുണ്ട്. ടി മാസം 23 പ്രവർത്തി ദിനങ്ങളാണുള്ളത്. ലോഗ് ബുക്ക് പ്രകാരം ടി മാസം 29 ദിവസം മാത്രമാണ് വാഹനം ഓടിയിട്ടുള്ളത്. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4) മറുപടി ലഭിച്ചില്ല. അധികമായി ചെലവഴിച്ച ഒരു ദിവസത്തെ വേതനമായ 450/- രൂപ തിരികെ ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-9 വാഹനങ്ങളുടെ ഉപയോഗം - നിബന്ധനകൾ പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹന ഉപയോഗം സംബന്ധിച്ച ജി.ഒ(എം.എസ്)170/07 ത.സ്വ.ഭ.വ തീയതി.30.06.2007 നമ്പർ സർക്കാർ ഉത്തരവ് പൂർണ്ണമായി പാലിക്കപ്പെടുന്നില്ല. വാഹനത്തിന്റെ റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഇന്ധനത്തിന്റേയും എണ്ണയുടേയും ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. വാഹനത്തിന്റെ ഇന്ധന ക്ഷമത സംബന്ധിച്ച് ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് ആറ് മാസത്തിലൊരിക്കൽ നടത്തുകയോ ഇന്ധന ക്ഷമത സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. അപാകത പരിഹരിച്ച് രേഖാമൂലം ഓഡിറ്റിൽ .അറിയിക്കേണ്ടതാണ്.

## 3-10 ക്ഷീര സംഗമം, കന്നുകാലി പ്രദർശനം - ചെലവുരേഖകൾ ഇല്ല

ക്ഷീരസംഗമം, കന്നുകാലി പ്രദർശനം എന്നീ ഇനങ്ങളിലായി 08/2015 ൽ സെക്രട്ടറി ചെലവഴിച്ച 20000/- രൂപ (വൗച്ചർ നം.10/2015-16) ക്ഷീര വികസന ഓഫീസർക്ക് നൽകിയിട്ടുണ്ടെങ്കിലും (ചെക്ക് നം. 2328690 തീയതി. 25.08.2015) ഇതു സംബന്ധിച്ച ചെലവുരേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4) മറുപടി ലഭിച്ചില്ല. രേഖകൾ ഹാജരാക്കുന്നില്ലെങ്കിൽ ടി ചെലവ് നടത്തിയിട്ടില്ല എന്ന അനുമാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന

RP 31 ഷെഡ്യൂളിൽ വികസന ഫണ്ട് (ജനറൽ) അലോട്ട്മെന്റിൽ നിന്നും പിൻവലിച്ച തുകയായി രേഖപ്പെടുത്തിയിട്ടുള്ളത് 19797728/- രൂപയാണ് എന്നാൽ അലോട്ട്മെന്റിൽ നിന്നും പിൻവലിച്ച യഥാർത്ഥ തുക 19763878/- രൂപയാണ്. 33850/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

--ഇല്ല--

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ലോൺ 2012-13 | നം. 17774/ഡി.ഡി1/ 2013/തസ്വഭവ തീ. 20.3.2013 | 6133132 | 6133132 | 1328860 | 1488492 | 4804272 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7 ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| സമാഹൃത റിപ്പോർട്ട് വർഷം / ഖണ്ഡിക നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം / ഖണ്ഡിക നം. | വിഷയം |
|---|---|---|
| 2005-06 / 17.1 | 2001-02 / 3.6 | സി.എഫ്.എൽ വാങ്ങിയതിലെ ക്രമക്കേടുകൾ |
| 2007-08 /3-29.1 | 2005-06 / 3-7 | നെഹ്രു പാർക്ക് നവീകരണം |
| 2009-10 /3-8-16 | 2007-08 / 3-1 | മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് IAY ധനസഹായം നൽകി |

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 77936952 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 71492703 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 228812 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2319680 |

(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | - | 60620 | *കെ.ജി.ശ്രീകല, അസ്സി.എക്സി.എഞ്ചിനിയർ* |
| 3-3 | - | 48771 | *കെ.ജി.ശ്രീകല, അസ്സി.എക്സി.എഞ്ചിനിയർ* |
| 3-4 (1) | | 58930 | *കെ.ജി.ശ്രീകല, അസ്സി.എക്സി.എഞ്ചിനിയർ* |
| 3-4 (2) | | 56891 | *കെ.ജി.ശ്രീകല, അസ്സി.എക്സി.എഞ്ചിനിയർ* |
| 3-8(i) | | 3150 | *ശങ്കർ.എ.കെ, സെക്രട്ടറി* |
| 3-8(ii) | | 450 | *ഹർഷൻ.എസ്, സെക്രട്ടറി* |
| | ആകെ | 228812 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 974964 | *കെ.ജി.ശ്രീകല, അസ്സി.എക്സി.എഞ്ചിനിയർ* |
| 3-5 | 840000 | *ഡി.സജിനിമോൾ, എസ്.സി.ഡി.ഒ* |
| 3-6 | 432000 | *ഡി.സജിനിമോൾ, എസ്.സി.ഡി.ഒ* |
| 3-7(i) | 15600 | *പ്രസന്നകുമാരി.പി.ജെ, സെക്രട്ടറി* |
| 3-7(ii) | 37116 | *പ്രസന്നകുമാരി.പി.ജെ, സെക്രട്ടറി* |
| 3-10 | 20000 | *വി.ജെ.ശ്രീകുമാർ, സെക്രട്ടറി* |
| ആകെ | 2319680 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ

നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നം. 3-1

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.ജി.ശ്രീകല, അസ്സി.എക്സി.എഞ്ചിനിയർ | അസ്സി.എക്സി.എഞ്ചിനിയർ, ചെങ്ങന്നൂർ ബ്ലോക്ക് | നിയതി, ചുനക്കര ഈസ്റ്റ്, ചുനക്കര പി.ഒ |
| ഹർഷൻ.എസ്, സെക്രട്ടറി | സെക്രട്ടറി, ചെങ്ങന്നൂർ ബ്ലോക്ക് | ആട്ടക്കുഴിക്കരോട്, മംഗാരം, പന്തളം |
| ശങ്കർ.എ.കെ, സെക്രട്ടറി | വിരമിച്ചു | കബില, പള്ളിശ്ശേരിക്കൽ പി.ഒ, ശാസ്താംകോട്ട, കൊല്ലം |
| ഡി. സജിനിമോൾ, എസ്.സി.ഡി.ഒ | എസ്.സി.ഡി.ഒ, ചെങ്ങന്നൂർ | എസ് 27, എൻ.ജി.ഒ ക്വാർട്ടേഴ്സ്, മുട്ടമ്പലം. പി. ഒ, കോട്ടയം. |
| വി. ജെ. ശ്രീകുമാർ, സെക്രട്ടറി | വിരമിച്ചു | വലിയ മഠം, അമ്പലപ്പുഴ. പി. ഒ |
| പ്രസന്നകുമാരി. പി. ജെ, സെക്രട്ടറി | ലക്ചറർ, ഇ. റ്റി. സി, കൊട്ടാരക്കര | കളരിക്കൽ, തണ്ണീർമുക്കം. പി. ഒ, ആലപ്പുഴ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ എഫ് എ3-/310/00/തീയതി 5.10.2010 |
| 1996-97 | എൽ എഫ് എ5/87/01/തീയതി 1.6.2001 |
| 1997-98 | എൽ എഫ് എ5/87/01/തീയതി 1.6.2001 |

| | |
|---|---|
| 1998-99 | എൽ എഫ് എ5/87/01/തീയതി 29.9.01 |
| 2000-01 | എൽഎഫ്എ7/1298(എ)/04/തീയതി 5.8.2005 |
| 2002-03 | എൽഎഫ്ജിഎ/ബിപി അദാലത്ത്/26/14(32)തീയതി 31.3.2014 |
| 2003-04 | എൽഎഫ്ജിഎ/ബിപി അദാലത്ത്/26/14(33)തീയതി 31.3.2014 |
| 2004-05 | എൽഎഫ്എ/ബിപി അദാലത്ത്/26/14(34)തീയതി 31.3.2014 |
| 2005-06 | എൽഎഫ്എ/ബിപി അദാലത്ത്/26/14(35)തീയതി 31.3.2014 |
| 2006-07 | എൽഎഫ്എ/ബിപി അദാലത്ത്/26/14(36)തീയതി 31.3.2014 |
| 2007-08 | എൽഎഫ്എ/ബിപി അദാലത്ത്/26/14(37)തീയതി 31.3.2014 |
| 2008-09 | എൽഎഫ്എ 1577/13/12.5.14 |
| 2009-10 | എൽഎഫ്എ/ബിപി അദാലത്ത്/26/14(38)തീയതി 31.3.2014 |
| 2010-11, 2011-12 | എൽഎഫ്എ7/275/2013/3.6.13/ 30.6.13 |
| 2012-13 | എൽഎഫ്എപി3/364/2015/ 30.5.2015 |
| 2013-14, 2014-15 | നം.കെ.എസ്.എ-എ.എൽ.പി-ബി.പി-1573/2015 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി-ബി.പി-209/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 10.03..2017

ഫോൺ - 0477 2252753

ഇ-മെയിൽ - ddhglfalpy@gmail.com

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-BP-209/17

Kerala State Audit Department,

District Audit Office, Alappuzha.

Date: 10.03.2017

Ph: 0477 2252753

E-mail : ddhglfalpy@gmail.com

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Chengannur Block Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Chengannur Block Panchayat for the year 2015-16 except the observations in Para 4-1 of my audit report properly presents the picture of income and expenditure.

Senior Deputy Director

Kerala State Audit Department

Alappuzha